# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2019 പ്രളയത്തിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട വയനാട് ജില്ലയിലെ ശ്രീമതി. രമ്യ, മലയംകണ്ടത്തിൽ എന്നവർക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

==================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **724/2022/റവ.** തിരുവനന്തപുരം, തീയതി, 16.02.2022.

==================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 25/2019/ദു.നി.വ., തീയതി, 23.08.2019.
2. സ.ഉ. (കൈ) നം. 38/2019/ദു.നി.വ., തീയതി, 19.12.2019.
3. സ.ഉ. (സാധാ) നം. 774/2021/ദു.നി.വ, തീയതി, 26.11.2021.
4. സ.ഉ. (സാധാ) 393/2022/റവ., തീയതി, 25.01.2022.
5. സ.ഉ. (സാധാ) 571/2022/റവ., തീയതി, 09.02.2022.

## ഉത്തരവ്

2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിലെ കൃഷ്ണഗിരി വില്ലേജിൽ ശ്രീമതി. രമ്യ, മലയംകണ്ടത്തിൽ എന്നവർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടതിനാൽ, വീട് നിർമ്മിക്കുവാനുള്ള 4 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് എന്നും വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകേണ്ടതാണ് എന്നും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കൃഷ്ണഗിരി വില്ലേജിൽ 2019-ലെ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട ശ്രീമതി. രമ്യക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പരാമർശം (4),(5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദാക്കിക്കൊണ്ടും ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ

ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ ശ്രീമതി. രമ്യക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, വയനാട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി )വകുപ്പകൾക്ക്